യോƒധ്രുവേണാത്മനാ നാഥാ ന ധർമ്മം ന യശ: പുമാൻ
ഈഹേത ഭൂതദയയാ സശോച്യ: സ്ഥാവരൈരപി **(6-10-8)**
ഏതാവാനവ്യയോ ധർമ്മ: പുണ്യശ്ലോകൈരുപാസിത:
യോ ഭൂതശോകഹർഷാഭ്യാമാത്മാ ശോചതി ഹൃഷ്യതി **(6-10-9)**
അഹോ ദൈന്യമഹോ കഷ്ടം പാരക്യൈ: ക്ഷണഭംഗുരൈ:
യന്നോപകുര്യാദസ്വാർത്ഥൈർമ്മർത്ത്യ: സ്വജ്ഞാതി വിഗ്രഹൈ: **(6-10-10)**

ശുകമുനി തുടർന്നു: ദേവന്മാർ ദദീചിയെ സമീപിച്ചപ്പോൾ മുനി പരിഹാസരൂപേണ ഇങ്ങിനെ പറഞ്ഞു. “ജീവൻ മനുഷ്യനേറ്റവും പ്രിയപ്പെട്ടതാണല്ലോ. അങ്ങിനെയിരിക്കെ, ദേവന്മാരേ ഒരാൾ എങ്ങിനെ പ്രാണൻ വെടിയാൻ സ്വയം സമ്മതിക്കും? ”

ദേവന്മാർ പറഞ്ഞു: “അങ്ങയെപ്പോലെ മഹാമനസ്കനായ ഒരാൾക്ക് എന്തുതന്നെ ഉപേക്ഷിക്കാനും പ്രയാസമെന്തുള്ളൂ? അങ്ങുപറഞ്ഞതു ശരിതന്നെ. സ്വാർത്ഥമതികൾക്ക് സമ്മാനദാതാവിൻെറ പ്രശ്നങ്ങളെപ്പറ്റി ചിന്തയില്ല. പക്ഷേ അതു നൽകാൻ കെൽപ്പും കഴിവുമുള്ളവർ ആഗ്രഹം നിഷേധിക്കുകയില്ലല്ലോ.”

ദദീചി പറഞ്ഞു: “ഞാൻ നിങ്ങളുടെ ധർമ്മജ്ഞാനത്തെ അറിയാൻ പരിഹസിച്ചുവെന്നേയുള്ളു. ഞാൻ ഇപ്പോൾ ഇവിടെവെച്ച് ശരീരമുപേക്ഷിക്കുവാൻ പോവുന്നു. അപ്പോൾ നിങ്ങൾക്ക് ആവശ്യമുള്ള എല്ല് എടുക്കാം. ശരീരം നശ്വരമാണ്. മലകളും മരങ്ങളും പോലും സ്വന്തം ശരീരം വേണ്ടപോലെ വിനിയോഗിക്കാത്ത മനുഷ്യനോട് സഹതപിക്കുന്നു. ജീവനുള്ളപ്പോൾ ധർമ്മപരിപാലനത്തിനും ഖ്യാതിക്കും വേണ്ടിയാണല്ലോ ശരീരം. ഉത്തമഭക്തൻെറ മഹത്തരമായ ഗുണമെന്തെന്നാൽ, അയാൾ സർവ്വചരാചരങ്ങളുടെയും സുഖദു:ഖങ്ങളിൽ അനുകമ്പയുള്ളവനാണെന്നതാണ്. മനുഷ്യൻ അവൻെറ ധനം മറ്റുള്ളവർക്കുവേണ്ടി വിനിയോഗിക്കാത്തത് എത്ര കഷ്ടം. എല്ലാ സ്വത്തുക്കളും താൽക്കാലികവും മറ്റുള്ളവർക്ക് അവകാശപ്പെട്ടതുമാണല്ലോ.”

ഇത്രയും പറഞ്ഞ് മുനി ധ്യാനനിരതനായി സമാധി പൂണ്ടു. മനസ്സ് പരമാത്മാവിലുറപ്പിച്ച് ശരീരത്തിൽനിന്ന് താനറിയാതെ തന്നെ ജീവനുപേക്ഷിച്ചു. ദേവശിൽപ്പിയായ വിശ്വകർമ്മാവ് മുനിയുടെ എല്ലുകൊണ്ട് വജ്രായുധം ഉണ്ടാക്കി. പുതിയ ആയുധവുമായി ഇന്ദ്രൻ വൃത്രാസുരനെ നേരിട്ടു. ദേവന്മാരും വൃത്രൻെറ സൈന്യവും തമ്മിൽ ഭീകരമായ യുദ്ധം നടന്നു. വജ്രായുധത്തിൻെറ കാഴ്ചയിൽതന്നെ രാക്ഷസവൃന്ദം അമ്പരന്നു. പലേവിധമായ ആയുധങ്ങൾകൊണ്ട് രാക്ഷസന്മാർ ദേവന്മാരെ നേരിട്ടു. ദേവന്മാർ അവയെ തുണ്ടംതുണ്ടമാക്കി. രാക്ഷസർ, അവരുടെ ആയുധങ്ങൾ തീർന്നപ്പോൾ വലിയ കല്ലുകളും മരങ്ങളും ദേവസേനയ്ക്കുനേരെ എറിയാൻ തുടങ്ങി. ദേവന്മാർ ഇവയെ തടുത്തു പൊടിച്ചുകളഞ്ഞു. ഇവയൊന്നും ദേവന്മാരെ ബാധിച്ചില്ല. പരിഹാസവും നിന്ദയും ഈശ്വരസാക്ഷാത്ക്കാരം നേടിയ മനസ്സിനെ ബാധിക്കാത്തതുപോലെ, ദേവന്മാരെ രാക്ഷസന്മാരുടെ ആയുധങ്ങൾ ഉപദ്രവിച്ചില്ല.

ഇതുകണ്ട് വൃത്രാസുരൻെറ അനുയായികൾ ഓടാൻ തുടങ്ങി. ഭീരുക്കളായി യുദ്ധക്കളത്തിൽനിന്നും പിന്തിരിഞ്ഞോടുന്നവരോട് വൃത്രൻ ഇങ്ങിനെ പറഞ്ഞു. “സുഹൃത്തുക്കളെ, കേട്ടാലും, മരണം സുനിശ്ചിതവും സാധാരണവും, ജനനമെടുത്തിട്ടുള്ളവർക്ക് വിധിച്ചിട്ടുള്ളതുമാണ്. ഒരുവന് സ്വർഗ്ഗവും, സൽപ്പേരും സ്വന്തം ജീവനൊടുക്കുന്നതുകൊണ്ട് ലഭിക്കുമെങ്കിൽ അതല്ലേ ഏറ്റവും സ്വാഗതാർഹമായ മരണം? രണ്ടുതരത്തിലുള്ള മരണങ്ങളാണ് അഭിനന്ദനാർഹമായുള്ളത്. ഒന്നുകിൽ യോഗസാധനയിലൂടെ ആത്മാവിനെ പരമാത്മാവിൽ വിലയിപ്പിച്ച് ശരീരം ഉപേക്ഷിക്കുക. അല്ലെങ്കിൽ യുദ്ധക്കളത്തിൽ പിന്തിരിഞ്ഞോടാതെ വീരമരണം വരിക്കുക.”